# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 17

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം വർഷ ബി.ഫാം. (2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ ജനുവരി 31 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനുവരി 20 വരെയും 525 രൂപ പിഴയോടെ 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ 22 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/87/2020)

## പരീക്ഷ ഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. അറബിക് സി.എസ്.എസ്. സപ്ലിമെന്ററി/ബെറ്റർമെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 31 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/88/2020)

## എം.ജി. 'എഡിറ്റേഴ്സ് ക്യാമ്പ്' ജനുവരി 20ന്

കോളേജ് യൂണിയൻ മാഗസിൻ എഡിറ്റർമാർക്കായി മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ സംഘടിപ്പിക്കുന്ന 'എഡിറ്റേഴ്സ് ക്യാമ്പ്' ജനുവരി 20ന് കോട്ടയം ബസേലിയസ് കോളേജിൽ നടക്കും. സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ മാഗസിൻ എഡിറ്റർമാർ പങ്കെടുക്കണം.

(പി.ആർ.ഒ/39/89/2020)

## ലോകം സംഘർഷങ്ങളിൽ വീഴാതിരിക്കാൻ ജാഗ്രതയാർന്ന ഭരണനിപുണത വേണം; ഡോ. ടി.വി. പോൾ

സൈനിക സംഘർഷങ്ങളിലേക്കും കിടമത്സരങ്ങളിലേക്കും ലോകം വീണുപോകാതിരിക്കാൻ ജാഗ്രതയാർന്ന ഭരണനിപുണത വേണമെന്ന് കാനഡ മാക്ഗിൽ സർവകലാശാലയിലെ രാജ്യാന്തര പഠനവിഭാഗം അധ്യാപകൻ ഡോ. ടി.വി. പോൾ. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സംഘടിപ്പിച്ച വാർഷിക പ്രഭാഷണപരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രകടമായിരുന്ന പ്രതികാരേച്ഛയോടുകൂടിയ മത്സരാധിഷ്ഠിത രാജ്യാന്തര രാഷ്ട്രീയം ഇന്ന് വീണ്ടും ദൃശ്യമായിട്ടുണ്ട്. സൈനിക ശക്തിയിൽ അധിഷ്ഠിതമായ ശാക്തിക സന്തുലനം കൊണ്ടുമാത്രം സമാധാനവും സുസ്ഥിരതയും ഉറപ്പുവരുത്താനാവില്ലെന്നും അദ്ദേഹം പറഞ്ഞു. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ, കാനഡ ഹാലിഫാക്സ് സർവകലാശാലയിലെ ഡോ. ജോസഫ് താരമംഗലം, സോഷ്യൽ സയൻസ് ഡീൻ ഡോ. കെ.എം. സീതി, ഡോ. എ.എം. തോമസ് എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സംഘടിപ്പിച്ച വാർഷിക പ്രഭാഷണപരിപാടിയിൽ കാനഡ മാക്ഗിൽ സർവകലാശാലയിലെ രാജ്യാന്തര പഠനവിഭാഗം അധ്യാപകൻ ഡോ. ടി.വി. പോൾ പ്രസംഗിക്കുന്നു**

(പി.ആർ.ഒ/39/90/2020)

**“Hard balancing in global politics is a danger,” warns Canadian IR scholar**

“Competitive international politics can remerge today with a vengeance as evident in early twentieth century Europe,” according to Dr. T.V. Paul, James McGill Professor of International Relations, McGill University Canada, and Fellow, Royal Society of Canada. He was delivering IR Annual Lecture 2020 at the School of International Relations and Politics (SIRP), Mahatma Gandhi University today. Dr Paul said that the arrival of Donald Trump and other right wing leaders in Europe have ignited talks of greater protectionism and hard balancing competition re-emerging among great power states.

Dr Paul said that “the twin forces of globalization and global norms against aggressive territorial expansion have restrained but not prevented the US even when it intervened in theaters of conflicts and wars such as Iraq and Afghanistan.” “These same forces encouraged rising powers such as China and Russia to mellow their conflict behavior during the first two decades of the Post-Cold War era.” For more than a decade, “China has been actively expanding to contested waters such as the South China Sea and the response of affected states have been in most cases less competitive than expected. Democratic India, a third rising power, has been integrated faster as it is globalizing in every key dimension, especially in the economic arena. It has been engaging in limited ententes with the US, Japan and some Southeast Asian countries. None of these contentions assume that the United States or rising powers will not use military power occasionally and asymmetric strategies to achieve their strategic goals.”

Dr. Paul warned that “a massive failure of globalization and economic decline or a major policy retreat on free trade by imposing protectionist barriers in key countries, especially the US and China could reignite the competition for resources and wealth.” He said that the need for “careful statecraft is all the more important to prevent the world sliding into intense rivalries and potentially military conflicts.” Balance of power, relying on traditional military means alone “is no guarantee for long-term peace and stability in an interconnected world.” “A hybrid approach to balancing that include soft balancing, using international institutions and limited hard balancing relying on adequate military capabilities of the defensive and deterrent variety, is necessary to preserve peace in the coming decades,” he noted. Dr. C.Vinodan, Director, SIRP welcomed and Dr. Joseph Tharamangalam, University of Halifax, Canada, Dr. K.M. Seethi, Dean of Social Sciences, Dr. A.M. Thomas and others spoke.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ